# കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം - സർക്കാർ ട്രെയിനിംഗ് കോളേജ് അദ്ധ്യാപകർ - വിവിധ വിഷയങ്ങൾ - പൊതുസ്ഥലംമാറ്റം 2019 - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ ബി 2/4947/2019/കോ.വി.വ. തിരുവനന്തപുരം തീയതി: 12/06/2019

---

പരാമർശം: 1. ഈ ഓഫീസിലെ 08/02/2019 തീയതിയിലെ എ 1/63490/19/കോ.വി.വ നമ്പർ സർക്കുലർ.
2. 24.05.2019 തീയതിയിലെ ഇതേ നമ്പർ കരട് സ്ഥലം മാറ്റ പട്ടിക
3. ജി.ഒ.(എം.എസ്) നമ്പർ 27/1994/ഉ.വി.വ തീയതി 21.02.1994.
4. ജി.ഒ.(എം.എസ്) നമ്പർ 114/2004/ഉ.വി.വ തീയതി 01.08.2004.
5. ജി.ഒ.(പി) നമ്പർ 06/2007/പി & ആർ.ഡി തീയതി 04.12.2007.
6. ജി.ഒ.(എം.എസ്) നമ്പർ 130/2017/ഉ.വി.വ തീയതി 16.05.2017
7. സ.ഉ.(എം.എസ്) നമ്പർ 3/2017/ഉ.വി.വ തീയതി 25.02.2017.
8. ജി.ഒ.(സാധാ) നമ്പർ 630/2019/ഉ.വി.വ. തീയതി 10.05.2019

## ഉത്തരവ്

സർക്കാർ ട്രെയിനിംഗ് കോളേജുകളിലെ വിവിധ വിഷയങ്ങളിലുള്ള അദ്ധ്യാപകരുടെ 2019-ലെ പൊതുസ്ഥലം മാറ്റത്തിനുള്ള കരട് പട്ടിക പരാമർശം (2) പ്രകാരം പ്രസിദ്ധീകരിക്കുകയും അതിന്മേൽ പരാതി ഉണ്ടെങ്കിൽ ആയത് 07/06/2019 വൈകുന്നേരം 5.00 മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ആയതനുസരിച്ച് ലഭിച്ച പരാതികളുടെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ചുവടെ കാണുന്ന പ്രകാരം സർക്കാർ ട്രെയിനിംഗ് കോളേജുകളിലെ വിവിധ വിഭാഗം അദ്ധ്യാപകരെ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനത്തിലേയ്ക്ക് സ്ഥലം മാറ്റി നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | ജീവനക്കാരുടെ പേരും, ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലംമാറ്റി നിയമിക്കുന്ന സ്ഥാപന ത്തിന്റെ പേര്. |
|---|---|---|
| 1 | ഡോ. ഹരിനാരായണൻ.കെ.ആർ<br>അസിസ്റ്റന്റ് പ്രൊഫസർ ഇൻ സംസ്കൃതം<br>ഗവൺമെന്റ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, കോഴിക്കോട്<br>(അപേക്ഷ) | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വൻസ്ഡ് സ്റ്റഡി ഇൻ എഡ്യൂക്കേഷൻ, തൃശ്ശൂർ. ( ഡോ. ഇ.എൻ.ഉണ്ണികൃഷ്ണൻ, അസിസ്റ്റന്റ് പ്രൊഫസർ ഇൻ സംസ്കൃതം -വിരമിച്ച ഒഴിവിൽ) |

| | | |
|---|---|---|
| 2 | ഡോ. സന്തോഷ് അരീക്കുഴിയിൽ,<br><br>അസിസ്റ്റന്റ് പ്രൊഫസർ ഇൻ എഡ്യൂക്കേഷണൽ സൈക്കോളജി, ഇൻസ്റ്റിറ്റ്യൂട്ട ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി ഇൻ എഡ്യൂക്കേഷൻ തൃശ്ശൂർ (അപേക്ഷ) | ഗവൺമെന്റ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, കോഴിക്കോട്<br><br>(ഡോ. ബിനീഷ് ജോൺ., അസിസ്റ്റന്റ് പ്രൊഫസർ ഇൻ എഡ്യൂക്കേഷണൽ സൈക്കോളജി - യെ സ്ഥലംമാറ്റുന്ന ഒഴിവിൽ) |
| 3 | ഡോ. ബിനീഷ് ജോൺ, അസിസ്റ്റന്റ് പ്രൊഫസർ ഇൻ എഡ്യൂക്കേഷണൽ സൈക്കോളജി ഗവൺമെന്റ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, കോഴിക്കോട്<br><br>(നിർബന്ധിതം) | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വൻസ്ഡ് സ്റ്റഡി ഇൻ എഡ്യൂക്കേഷൻ, തൃശ്ശൂർ. (ഡോ. സന്തോഷ് അരീക്കുഴിയിൽ,<br><br>അസിസ്റ്റന്റ് പ്രൊഫസർ ഇൻ എഡ്യൂക്കേഷണൽ സൈക്കോളജി-ക്ക് സ്ഥലം മാറ്റം നൽകുന്ന ഒഴിവിൽ. |

സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർ ഉത്തരവ് തീയതി മുതൽ 14 ദിവസത്തിനകം നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്ന് വിടുതൽ ചെയ്യേണ്ടതും സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനങ്ങളിൽ പ്രവേശിക്കേണ്ടതുമാണ്. ജോലിയിൽ പ്രവേശിച്ചതും വിടുതൽ ചെയ്തതുമായ വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

സ്ഥാപന മേധാവികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള (www.collegiateedu.kerala.gov.in) ഈ ഉത്തരവ് ഡൗൺ ലോഡ് ചെയ്ത് അദ്ധ്യാപകരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ജോലിയിൽ നിന്നും വിടുതൽ ചെയ്യിപ്പിക്കേണ്ടതുമാണ്.

ഒപ്പ്/-
ഹരിത വി. കുമാർ. ഐ.എ.എസ്.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്-
1. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കോട്ടയം
3. ബന്ധപ്പെട്ട അദ്ധ്യാപകന്
4. ബന്ധപ്പെട്ട പ്രിൻസിപ്പാളിന്
5. സി.എ-ഡയറക്ടർ/അഡീഷണൽ ഡയറക്ടർ/സീനിയർ / അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
6. എ/ബി സെക്ഷൻ സൂപ്രണ്ട്
7. കരുതൽ ഫയൽ/ഓഫീസ് ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജയ/12/6/19